**"ഭരണഭാഷ- മാതൃഭാഷ"**
**സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ജാഫർ മാലിക്, IAS)**

**തിരുവനന്തപുരം**
**ഉത്തരവ് നമ്പർ: C1/6042/18** **തീയതി: 05-02-2019**

**വിഷയം:-** സാമൂഹ്യനീതി വകുപ്പ്- പ്രൊബേഷൻ - അവലോകന യോഗവും, പരിശീലനവും - പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ച് ഉത്തരവാകുന്നു.

**പരാമർശം:-** ---------

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ സംവിധാനത്തിൻറെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി യോഗം ചേരുന്നതിനും, ആദ്യ കുറ്റവാളികളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രൊഫോർമകൾ ഉപയോഗിക്കേണ്ട വിധം സംബന്ധിച്ച പരിശീലനം നൽകുന്നതിനും, പ്രൊബേഷൻ സേവനങ്ങൾക്കായി തെരഞ്ഞെടുക്കുന്ന വോളന്ററി സോഷ്യൽ വർക്കർമാരുടെ ചുമതലകൾ സംബന്ധിച്ച ഗൈഡ് ലൈൻസ് തയ്യാറാക്കുന്നതിനും വേണ്ടി രണ്ട് ദിവസം ദൈർഘ്യമുള്ള ഒരു ശില്പശാല സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. **2019 ഫെബ്രുവരി 13, 14 തീയതികളിലായി തിരുവനന്തപുരത്ത് പി.എം.ജി യിലുള്ള ഹോട്ടൽ പ്രശാന്തിൽ** വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രസ്തുത ശില്പശാലയിൽ പങ്കെടുക്കുന്നതിനായി എല്ലാ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് I. പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II ഉദ്യോഗസ്ഥരെയും, നേർവഴി പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും നിയമിച്ചിട്ടുള്ള പ്രൊബേഷൻ അസിസ്റ്റന്റുമാരെയും നിയോഗിച്ച് ഉത്തരവാകുന്നു.

ചുവടെ പറയുന്ന വിഷയങ്ങളിൽ item no. 1 മുതൽ 5-വരെ ഗ്രേഡ് 1 പ്രൊബേഷൻ ഓഫീസർ (ജില്ലയിലെ ക്രോഡീകരിച്ച റിപ്പോർട്ടും) item no. 6 മുതൽ 15-വരെ അതാത് ജില്ലയിലെ പ്രൊബേഷൻ അസിസ്റ്റന്റുമാരും ഫെബ്രുവരി 13-ന് അവതരണം **(POWER POINT PRESENTATION- മലയാളത്തിൽ ആണെങ്കിൽ ഇമേജ് ഫയൽ ആക്കിയത്)** നടത്തേണ്ടതാണ്.

1. പ്രൊബേഷൻ നിയമപ്രകാരം ലഭ്യമായ അന്വേഷണങ്ങൾ (2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെ ലഭ്യമായ അന്വേഷണങ്ങൾ മാസക്രമത്തിൽ കാണിക്കണം.)
2. ജയിൽ ചട്ടങ്ങൾ പ്രകാരം ലഭ്യമായ അന്വേഷണങ്ങൾ (2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെ ലഭ്യമായ അന്വേഷണങ്ങൾ മാസക്രമത്തിൽ കാണിക്കണം.)
3. മറ്റ് രീതിയിൽ ലഭ്യമായ അന്വേഷണങ്ങൾ (2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെ ലഭ്യമായ അന്വേഷണങ്ങൾ മാസക്രമത്തിൽ കാണിക്കണം.)
4. ജില്ലയിൽ ഓരോ പ്രൊബേഷൻ ഓഫീസറുടെയും മേൽനോട്ടത്തിലുള്ള പ്രൊബേഷണർമാർ (2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെ ലഭ്യമായ അന്വേഷണങ്ങൾ മാസക്രമത്തിൽ കാണിക്കണം).

5. ജില്ലയിൽ ഓരോ പ്രൊബേഷൻ ഓഫീസറുടെയും മേൽനോട്ടത്തിലുള്ള മുൻ തടവുകാർ (2018 ജനുവരി 1 മുതൽ 2019 ജനുവരി 31 വരെ ലഭ്യമായ അന്വേഷണങ്ങൾ മാസക്രമത്തിൽ കാണിക്കണം).
6. നേർവഴി പദ്ധതി പ്രകാരം നല്ലനടപ്പിന് യോഗ്യരായ കുറ്റാരോപിതരുടെ വിശദാംശങ്ങൾ DLSA, DDP, ന്യായാധിപന്മാർ എന്നിവർക്ക് സമർപ്പിച്ചതിന്റെ വിവരങ്ങൾ.
7. ജില്ലയിൽ 2018 നവംബർ 1 മുതൽ (നേർവഴി) പ്രൊബേഷൻ നിയമം സംബന്ധിച്ച് നൽകിയ പരിശീലനങ്ങളുടെ വിശദാംശങ്ങൾ.
8. കണ്ടെത്തിയ സന്നദ്ധ പ്രവർത്തകരുടെ (VOLUNTARY SOCIAL WORKERS) വിശദാംശങ്ങൾ.
9. പരിശീലനം നൽകിയ സന്നദ്ധ പ്രവർത്തകരുടെ (VOLUNTARY SOCIAL WORKERS) വിശദാംശങ്ങൾ.
10. ജയിലുകളിൽ നടത്തിയ പരിശീലനങ്ങളുടെ വിശദാംശങ്ങൾ.
11. വിചാരണ തടവുകാർക്കിടയിൽ ഇടപെടൽ നടത്തുവാനായി തെരഞ്ഞെടുത്ത ജയിൽ / പോലീസ് സ്റ്റേഷന്റെ പേരും വിശദാംശങ്ങളും.
12. 18- 25 വയസ്സുള്ള യുവ കുറ്റവാളികളിൽ ഇടപെടൽ നടത്തിയതിന്റെ വിശദാംശങ്ങൾ.
13. ലഘുപഠനം നടത്താനായി തെരഞ്ഞെടുത്ത വിഷയം- വിശദാംശങ്ങൾ.
14. 21 വയസ്സിനു താഴെയുള്ള വിചാരണ തടവുകാരുടെ വിശദാംശങ്ങൾ (ആകെ എണ്ണം, കുറ്റപത്രം സമർപ്പിക്കാത്തവ, വിശദാംശങ്ങൾ DLSA-യിൽ എത്തിച്ചത്, etc).
15. മറ്റ് വിശദാംശങ്ങൾ

ശിലപ്പശാലയിൽ പങ്കെടുക്കുന്നവർക്ക് താമസസൗകര്യം ഉണ്ടായിരിക്കുന്നതാണ്. ജീവനക്കാർക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ശിലപ്പശാലയിലേക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാർ 2019 ഫെബ്രുവരി 13-ന് രാവിലെ 9:30-ന് ഹോട്ടൽ പ്രശാന്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

**<u>പകർപ്പ്</u>**

1) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2) സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**